LIBRARY ARCHIVES Kerala Legislative Assembly

മുഖാരി മുവാരി സമുദായം

263(T*964) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖാരി-മുവാരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 13-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനത്തിൽ 2595-ാം നമ്പർ ആയി ഉള്ള ചോദ്യത്തിന് സാങ്കേതിക വിദഗ്ധർ ഇല്ലാത്തതിനാൽ റിപ്പോർട്ട് നൽകാൻ കഴിയില്ലെന്ന് അറിയിച്ച സാഹചര്യത്തിൽ ഇതിനാവശ്യമായ ഉദ്യോഗസ്ഥരെ കിർത്താർഡ്സിൽ നിയമിച്ചിട്ടുണ്ടോ എന്നും കിർത്താർഡ്സ് ഇതിനാവശ്യമായ റിപ്പോർട്ട് നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ബി) എങ്കിൽ റിപ്പോർട്ട് പ്രകാരം സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽപ്പെടുത്താൻ സ്വീകരിച്ച തുടർനടപടികൾ വിവരിക്കാമോ;

(സി) ഇല്ലാത്തപക്ഷം റിപ്പോർട്ട് ഒഴിവാക്കി പ്രസ്തുത വിഭാഗത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെടുത്താൻ നടപടി എടുക്കുമോ?

ഉത്തരം

(എ-സി) നിയമിച്ചിട്ടില്ല. പ്രസ്തുത സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കിർത്താഡ്സിൽനിന്ന് റിപ്പോർട്ട് ലഭിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മിഷൻ പരിശോധിച്ച് സർക്കാരിലേക്ക് ശിപാർശ ചെയ്താൽ മാത്രമേ സർക്കാരിന് ഈ വിഷയം പരിഗണിക്കുവാൻ കഴിയൂ.

മുഖാരി-മുവാരി സമുദായം - റിപ്പോർട്ട് നൽകാൻ നടപടി

264(965) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖാരി-മുവാരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 13-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനത്തിൽ 2595 നമ്പറായുള്ള ചോദ്യത്തിന് സാങ്കേതിക വിദഗ്ധർ ഇല്ലാത്തതിനാൽ റിപ്പോർട്ട് നൽകാൻ കഴിയില്ലെന്ന് അറിയിച്ചിരുന്നു. എന്നാൽ

* T അടിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

16-ാം സമ്മേളനം നടക്കുന്ന വേളയിൽ ഇതിനാവശ്യമായ ഉദ്യോഗസ്ഥരെ കിർത്താർഡ്സിൽ നിയമിച്ചിട്ടുണ്ടോയെന്നും ഇവർ ഇതിനാവശ്യമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഈ റിപ്പോർട്ട് പ്രകാരം പ്രസ്തുത സമുദായത്തെ ഒ.ബി.സി.-യിൽപ്പെടുത്താൻ സ്വീകരിച്ച തുടർ നടപടികൾ വിവരിക്കാമോ;

(സി) ഇല്ലാത്ത പക്ഷം ആവശ്യപ്പെട്ടിട്ടും കിട്ടാത്ത റിപ്പോർട്ട് നിരാകരിച്ച് പ്രസ്തുത വിഭാഗത്തെ ഒ.ബി.സി.-യിൽ ഉൾപ്പെടുത്തുമോ?

ഉത്തരം

(എ-സി) നിയമിച്ചിട്ടില്ല. പ്രസ്തുത സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് കിർത്താഡ്സിൽനിന്ന് റിപ്പോർട്ട് ലഭിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ പരിശോധിച്ച് സർക്കാരിലേക്ക് ശിപാർശ ചെയ്താൽ മാത്രമേ സർക്കാരിന് ഈ വിഷയം പരിഗണിക്കുവാൻ കഴിയൂ.

മുഖാരി -മുവാരി സമുദായത്തെ ഒ.ബി.സി. പട്ടികയിലാക്കാൻ ശിപാർശ

265(966) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുവാരി-മുഖാരി സമുദായത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാർ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തിയ മൂവാരി-മുഖാരി സമുദായത്തെ, സംസ്ഥാനത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ശിപാർശ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ കമ്മീഷന്റെ ശിപാർശയുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-സി) പ്രസ്തുത സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് കിർത്താഡ്സിൽനിന്ന് റിപ്പോർട്ട് ലഭിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ പരിശോധിച്ച് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly